**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*343** | **25.06.2018 -ൽ മറുപടിയ്ക്ക്**

# സാംസ്കാരിക ച്യുതി പരിഹരിക്കാനായി ജാതി-മതേതര പൊതുഇടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ. ആൻസലൻ : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) അയ്യങ്കാളി വില്ലുവണ്ടി യാത്ര നടത്തിയതിന്റെ 125-ാം വാർഷികം ആഘോഷിക്കുന്ന ഇക്കാലമായിട്ടും മത-ജാതിയടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വത്തിന്റെയും മിഥ്യാഭിമാനത്തിന്റെയും ബഹിർസ്ഫുരണമായ ദുരഭിമാനഹത്യ നടക്കുന്ന സാംസ്കാരിക ച്യുതി പരിഹരിക്കാനായി സാംസ്കാരിക വകുപ്പിന് എത്തരത്തിൽ ഇടപെടാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) ജാതി-ജന്മി-നാട്ടുവാഴി വ്യവസ്ഥ നിർമ്മിച്ച മൂല്യബോധത്തിന്റെയടിസ്ഥാനത്തിലാണ് കേരളത്തിൽ ജാതീയവും സാമൂഹികവുമായ വിവേചനങ്ങൾ ഉണ്ടായത്. ജന്മിത്വത്തിന്റെ സാമ്പത്തിക അടിത്തറ തകർന്നാലും അത് ഉത്പാദിപ്പിച്ച ജാതി വിവേചനത്തിന്റെ ബോധങ്ങൾ തകരാതെ ദീർഘകാലം നിലനിൽക്കും. അവയെ നിർമാർജനം ചെയ്യുന്നതിനായി ബോധപൂർവ്വമായ ഇടപെടലാണ് സാമൂഹിക പരിഷ്കരണ പ്രസ്ഥാന നായകന്മാർ നടത്തിയത്. എങ്കിലും ജാതീയവും സാമൂഹികവുമായ വിവേചനം ഇപ്പോഴും വച്ചു പുലർത്തുന്നവരുണ്ട്. പൊതു ജീവിതത്തിൽ പുരോഗമനപരമായ ആശയങ്ങളും ഇടപെടലുകളും നടത്തുന്നവർ ഈ വിഷയത്തിൽ തുടർ ജാഗ്രത പുലർത്തേണ്ടതുണ്ട്. വൈകുണ്ഠസ്വാമിയും ശ്രീനാരായണ ഗുരുവും മുതൽ അയ്യങ്കാളി വരെയുള്ള പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച മൂല്യങ്ങളെ അതിശക്തമായി നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് മാത്രമേ നവോത്ഥാന മൂല്യങ്ങളെ നിലനിർത്താൻ സാധിക്കുകയുള്ളൂ. അത്തരം നവോത്ഥാന മൂല്യങ്ങളെ പ്രചരിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളും പ്രാധാന്യം നൽകുന്നു. നവോത്ഥാന നായകരുടെ പേരിൽ ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിച്ച് പൊതു ഇടങ്ങൾ രൂപപ്പെടുത്തി കേരളത്തിന്റെ സമ്പന്നവും വൈവിധ്യവുമായ സാംസ്കാരിക പൈതൃകത്തെ രക്ഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിലേയ്ക്കായി വിവര സാങ്കേതികവിദ്യയും ദൃശ്യ-ശ്രാവ്യ അക്ഷര മാധ്യമങ്ങളെയും ഫലപ്രദമായി ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ബാലികാ ബാലന്മാരിൽ തുടങ്ങി |

| | |
|---|---|
| | യുവാക്കളിലും മുതിർന്നവരിലും വരെ നവോത്ഥാന മൂല്യങ്ങൾ സന്നിവേശിപ്പിക്കുന്നതിനുള്ള മാധ്യമമെന്ന നിലയ്ക്ക് സാഹിത്യം, നാടകം, ചലച്ചിത്രം, പരമ്പരാഗത കലകൾ എന്നിവയെ ഉപയോഗപ്പെടുത്തുന്നതാണ്. നാട്ടിൻപുറങ്ങളിൽ സ്വതന്ത്രമായ ആവിഷ്കാരങ്ങൾ സാധ്യമാക്കുന്നതിന് ' നാട്ടരങ്ങ് ' എന്ന പേരിൽ പൊതുഇടങ്ങൾ സ്ഥാപിക്കുന്നതാണ്. |
| ബി) സാമൂഹ്യ ഉദ്ഗ്രഥനത്തിന് പ്രചോദനമാകുന്നതിന് ജാതി-മതാതീത വിവാഹിതർക്ക് സാമൂഹിക - സാമ്പത്തിക സംരക്ഷണം ഒരുക്കാൻ പരിപാടിയുണ്ടോ; | ബി) സാംസ്കാരിക വകുപ്പ് ഇത്തരം സഹായം നൽകിവരുന്നില്ല. |
| സി) പിന്തിരിപ്പൻ പുനരുത്ഥാന ശക്തികൾ സമൂഹത്തിൽ പിടിമുറുക്കുന്നതിനെ ചെറുക്കാനായി നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | സി) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ) തയ്യാറാക്കുന്നതിനായി ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിൽ സ്ഥല ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഡി. പി. ആർ പൂർത്തിയാക്കി ടെണ്ടർ നടപടികൾ പാലിച്ച് ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കിഫ്ബിയിൽ (KIIFB) നിന്നും, ഒരു ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശരാശരി 50 കോടി രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്ക് ആകെ 700 കോടി രൂപ അടങ്കൽ ആണ് നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ ചെയ്യുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതും പദ്ധതിയ്ക്കാവശ്യമായ തുക കിഫ്ബിയിൽ നിന്നും ലഭ്യമാവുന്നതുമാണ്. |
| ഡി) ജാതി-മതേതര പൊതുഇടങ്ങൾ ചുരുങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനെ മറികടക്കാനായി കലാസാംസ്കാരിക പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കാൻ സാധിക്കുമോ; | സാംസ്കാരിക വകുപ്പ് ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിന് 'നാട്ടരങ്ങ് ' എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പാക്കുന്നമുറയ്ക്ക് സാംസ്കാരിക കൂട്ടായ്മകളുടെ പ്രവർത്തന വേദിയായും കലാപ്രകടനങ്ങളുടെ രംഗവേദിയായും ഉപയോഗിക്കത്തക്ക പൊതുഇടങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതുഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ |

| | | |
|---|---|---|
| | | പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരത്തെ മാനവീയംവീഥിയുടെ മാതൃകയിൽ ആവിഷ്കാരത്തിനായി വികസിപ്പിച്ചെടുക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. |
| ഇ) | ഇതുമായി ബന്ധപ്പെട്ട് വായനശാലകളെയും ക്ലബുകളെയും പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ? | ഇ) വായനശാലകൾക്കും ക്ലബുകൾക്കുമായി പ്രത്യേകം പദ്ധതി നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**